# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 188 — 04.02.2013-ൽ മറുപടിയ്ക്ക്

## കണ്ടൽക്കാട്ടുകൾ ഏറ്റെടുക്കൽ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ഉമ്മർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കണ്ടൽക്കാടുകൾ സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ ; | എ) ഉണ്ട്. കണ്ടൽക്കാടുകൾ സ്വകാര്യവ്യക്തികളുടെ കയ്യിൽനിന്നും വിലയ്ക്കുവാങ്ങി സർക്കാർ സംരക്ഷിക്കുന്നതിലേയ്ക്കായി തൃശ്ശൂർ, കണ്ണൂർ, കൊല്ലം എന്നീ മൂന്നു ജില്ലകളിലെ കളക്ടർമാർക്ക് ഒരു കോടി രൂപ വീതം ആകെ 3 കോടി രൂപ 2006 07 ൽ അനുവദിയ്ക്കുകയുണ്ടായി. കൊല്ലം ജില്ലയിൽ നിന്നും 13.544 ഹെക്ടർ, കണ്ണൂർ ജില്ലയിൽ നിന്നും 47.9895 ഹെക്ടർ, തൃശ്ശൂർ ജില്ലയിൽ നിന്നും 24.476 ഹെക്ടർ ,ആകെ 86.0102 ഹെക്ടർ സ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വനം വകുപ്പ് സ്വീകരിച്ചുവരുന്നു. ഏറ്റെടുക്കുന്നതിനുള്ള അന്തിമ തീരുമാനം കൈക്കൊള്ളുന്നത് ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ്. |
| ബി) ഇത്തരത്തിൽ എത്ര ഹെക്ടർ പ്രദേശം ഏറ്റെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ ; | ബി) ഇതുവരെ സ്ഥലങ്ങൾ ഏറ്റെടുത്തിട്ടില്ല |
| സി) ഈ പദ്ധതിയിൽ കൂടുതൽ കണ്ടൽ ക്കാടുകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | സി) സ്വകാര്യ കണ്ടൽക്കാടുകൾ ഏറ്റെടുത്തതിന് ശേഷം തുടർന്നുള്ള നടപടികൾ പരിഗണിയ്ക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ